KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

## Policy initiatives on cards to tap full potential of Kerala's plantation sector: Minister P Rajeeve

**Thiruvananthapuram, Jan 17:** A slew of upfront policy initiatives is on the cards to tap the full potential of Kerala's plantation sector by adopting multi-pronged strategies to enable optimal and sustainable utilisation of assets and create a valued brand of high-quality products to tap the global demand, says Minister for Industries, Law and Coir Shri P Rajeeve.

The State Government has been making concerted efforts, by taking stakeholders on board, to further strengthen the crucial sector ever since the formation of a separate Plantation Directorate under the Department of Industries & Commerce (DI&C) in 2021, the Minister noted.

This was done with a long-term vision aimed at scaling up the capacity of the plantation sector in a scientific, sustainable and inclusive manner by adopting policies and supportive measures, he said.

"Kerala accounts for 46 per cent of all plantations in India. Our plantation sector has a long history and made a deep impression in the socio-economic journey of Kerala. While it continues to be a key contributor to the state's economy and provider of jobs, it is faced with some serious and sensitive issues, which need to be addressed collectively,"Shri Rajeeve pointed out.

The state government has entrusted Indian Institute of Management Kozhikode (IIM-K) to conduct an in-depth study on the current status of the plantation sector and come up with recommendations. The IIM-K team has visited various plantations, met estate owners, labour representatives and the state and central facilitators, and the final report is expected to be ready in another two months. Based on this report, the government would take more measures, he said.

The plantation sector will also benefit from the 285 million USD World Bank-aided Kerala Climate Resilient Agri-Value Chain Modernisation (KERA) project aimed at modernising the state's food and nutritional security. The components earmarked for the plantation sector in this project would enable the government to step up supports for the rejuvenation of plantations, the Minister said.

Seeking to optimise utilisation of the assets, the government has already allowed 5 per cent of plantations to be used for purposes like horticulture, cultivation of supplementary crops and tourism and allied activities in a responsible and ethical manner. A single-window system will be set-up at the Plantation Directorate to give clearances for such proposals.

Also, a policy intervention to allow growing of commercial crops other than the specified ones, in plantation land is under the consideration of the government.

Improvement of living spaces of labourers, known in local parlance as 'layams', is another step. The improvements to the living spaces can be taken up by the planters themselves by availing

credit from the bank and the government is planning to subsidise part of the interest, Shri Rajeeve said.

Promotion of responsible and ethical practices is also an important component of the reforms in the sector. For instance, those who are utilising part of the estates for tourism activities will have to strictly do it in an environment-friendly manner.

The revolutionary Kerala Industrial Policy 2023 has identified 22 priority sectors to enable the state to be at the forefront of industries of the future. One among these priority sectors is High-tech Farming and Value-Added Plantation Produce.

The second edition of the Kerala Plantation Expo will be held in Kochi from January 20 to 22, giving an added thrust to the initiatives by showcasing the sector's brand potential to tap the global and domestic demand for a wide range of products and services. The first edition of the expo held in 2023 in the state capital, in partnership with the stakeholders was a big success, Shri Rajeeve added.

**Ends**

പത്രക്കുറിപ്പ് 17.01.2024

## തോട്ടം മേഖലയുടെ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തുന്ന നയങ്ങൾക്ക് രൂപം നൽകും: മന്ത്രി പി രാജീവ്

തിരുവനന്തപുരം: ആഗോളതലത്തിൽ കേരള പ്ലാൻറേഷൻസ് എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിൻറെ ഭാഗമായി കേരളത്തിലെ തോട്ടം മേഖലയുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്ന നയങ്ങൾക്ക് രൂപം നൽകുമെന്ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ്.

തോട്ടം മേഖലയെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നിരന്തര പരിശ്രമങ്ങൾ നടത്തിവരികയാണെന്നും ഇതിൻറെ ഭാഗമായാണ് 2021 ൽ വ്യവസായ വകുപ്പിന് കീഴിൽ പ്ലാൻറേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചതെന്നും മന്ത്രി പറഞ്ഞു. വ്യവസായ മേഖലയിലെ പങ്കാളികളെ ഉൾപ്പെടുത്തി തോട്ടം മേഖലയുടെ പുരോഗതിക്കായുള്ള സമഗ്ര നയങ്ങളും

KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

സഹായ പദ്ധതികളും തയ്യാറാക്കി ദീർഘവീക്ഷണത്തോടെയാണ് ഇത് നടപ്പാക്കിയത്. ശാസ്ത്രീയവും സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ തരത്തിൽ തോട്ടം മേഖലയുടെ ശേഷി വർധിപ്പിക്കുകയാണ് ലക്ഷ്യം.

ഇന്ത്യയിലെ തോട്ടങ്ങളുടെ 46 ശതമാനവും കേരളത്തിലാണ്. കേരളത്തിൻറെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ തോട്ടം മേഖല ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്തിൻറെ സമ്പദ് വ്യവസ്ഥയിൽ പ്രധാന സംഭാവന നൽകുന്ന മേഖലകളിലൊന്നായും തൊഴിൽദാതാവായും ഈ മേഖല തുടരുന്നു. എന്നാൽ തോട്ടം മേഖല ഇപ്പോൾ ഗൗരവമേറിയ ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അത് കൂട്ടായി അഭിസംബോധന ചെയ്യേണ്ടതുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

തോട്ടം മേഖലയുടെ നിലവിലെ അവസ്ഥയെപ്പറ്റിയും മേഖലയിൽ കൊണ്ടുവരാവുന്ന വൈവിധ്യവൽക്കരണത്തെയും നവീകരണത്തെക്കുറിച്ചും പഠനം നടത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിനെ (ഐഐഎം കോഴിക്കോട്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐഐഎം സംഘം സംസ്ഥാനത്തെ തോട്ടങ്ങൾ, തോട്ടമുടമകൾ, തൊഴിലാളി പ്രതിനിധികൾ, സംസ്ഥാന, കേന്ദ്ര ഫെസിലിറ്റേറ്റർമാർ എന്നിവരെ സന്ദർശിച്ചു. അന്തിമ റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൻറെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സർക്കാർ സ്വീകരിക്കും.

സംസ്ഥാനത്തിൻറെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ലക്ഷ്യമിട്ടുള്ള 285 മില്യൺ യുഎസ് ഡോളറിൻറെ ലോകബാങ്ക് സഹായത്തോടെയുള്ള കേരള ക്ലൈമറ്റ് റിസീലിയൻറ് അഗ്രി-വാല്യൂ ചെയിൻ മോഡേണൈസേഷൻ (കെഇആർഎ) പദ്ധതിയുടെ പ്രയോജനവും തോട്ടം മേഖലയ്ക്ക് ലഭിക്കും. തോട്ടങ്ങളുടെ പുനരുജ്ജീവനത്തിന് ആവശ്യമായ റീപ്ലാൻറിഗ്, ഇറിഗേഷൻ, ഉത്പാദനം എന്നിവ മെച്ചപ്പെടുത്താൻ ഈ പദ്ധതി ഉപകരിക്കും.

അഞ്ച് ശതമാനം തോട്ടം ഭൂമി ഹോർട്ടികൾച്ചർ, വാനില, ഔഷധ സസ്യങ്ങൾ, അനുബന്ധ വിളകളുടെ കൃഷി, ടൂറിസം എന്നിവയ്ക്ക് ഉപയോഗിക്കാൻ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകുന്നതിന് പ്ലാൻറേഷൻ ഡയറക്ടറേറ്റിൽ ഒരു ഏകജാലക

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

സംവിധാനവും കൊണ്ടുവന്നു. തോട്ടം കർഷകരിൽ നിന്നുള്ള ആവശ്യം പരിഗണിച്ച് കൂടുതൽ വാണിജ്യപ്രാധാന്യമുള്ള ഫലവൃക്ഷങ്ങൾ ഇടവിളയായി കൃഷി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി സൂചിപ്പിച്ചു.

തോട്ടം തൊഴിലാളി ലയങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്ലാൻറേഷൻ ഡയറക്ടറേറ്റ് മുൻകൈ എടുത്തുവരികയാണ്. ബാങ്ക് വായ്പാ പലിശയുടെ ഒരു ഭാഗം സർക്കാർ സബ് സിഡി നൽകുന്നതാണ് പദ്ധതി. റബ്ബർ പാർക്ക്, കാർബൺ ന്യൂട്രൽ പാർക്ക്, കോഫി പാർക്ക്, സ്പൈസ് പാർക്ക് എന്നിവ പ്ലാൻറേഷൻ മേഖലയിലെ മൂല്യവർധനയെ സഹായിക്കുന്നതാണ്. സുസ്ഥിരവും പാരിസ്ഥിതികവുമായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും ഈ മേഖലയിലെ പരിഷ്കാരങ്ങളിൽ പ്രധാനമാണ്. എസ്റ്റേറ്റുകളുടെ ഒരു ഭാഗം വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നവർ അത് പരിസ്ഥിതി സൗഹൃദ രീതിയിൽ പരിപാലിക്കണം. 2023 ലെ കേരള വ്യവസായ നയത്തിൽ നിക്ഷേപസാധ്യതയുള്ള 22 മേഖലകളെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇതിലൊന്ന് തോട്ടം മേഖലയിലെ ഹൈടെക് കൃഷിരീതിയും മൂല്യവർധനയുമാണ്.

തോട്ടം മേഖലയിലെ വൈവിധ്യമാർന്ന ഉത്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിച്ചുകൊണ്ട് സംരംഭങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്ന കേരള പ്ലാൻറേഷൻ എക്സ്പോയുടെ രണ്ടാം പതിപ്പ് ജനുവരി 20 മുതൽ 23 വരെ കൊച്ചിയിൽ നടക്കും. കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് നടന്ന ആദ്യ പതിപ്പ് വലിയ വിജയമായിരുന്നു. കേരളത്തിലെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള, ആഭ്യന്തര ആവശ്യം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എക്സ്പോ മുന്നോട്ടുവയ്ക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.